No. 153 JULY 1999

# KERALA PRIVATE COLLEGE TEACHER



## യു.ജി.സി. സ്കീം -ശമ്പളപരിഷ്കാരം നടപ്പിലാക്കാൻ ഉത്തരവായി

THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

# ധീരജവാന്മാരോട് ഐക്യദാർഢ്യം

കാശ്മീരിലെ കാർഗിൽ, ദ്രാസ് മേഖലകളിൽ നുഴഞ്ഞുകയറിയ പാക് പട്ടാളക്കാരെ ഇന്ത്യൻ മണ്ണിൽ നിന്നും തുരത്തുന്നതിനുള്ള പോരാട്ടങ്ങളിലേർപ്പെട്ടിരിക്കുന്ന ധീരജവാന്മാരോട് കേരളത്തിലെ സർക്കാർ ജീവനക്കാരും അധ്യാപകരും ഐക്യദാർഢ്യം പ്രകടിപ്പിച്ചു. ജീവനക്കാരുടെയും അധ്യാപകരുടെയും സംഘടനകളുടെ സംയുക്തസമിതി (FSETO) യുടെ ആഭിമുഖ്യത്തിൽ ധീരദേശാഭിമാനി വേലുത്തമ്പിദളവയുടെ പ്രതിമയ്ക്കു മുമ്പിൽ നിന്നാരംഭിച്ച് പാളയം രക്തസാക്ഷി മണ്ഡപത്തിൽ അവസാനിച്ച പ്രകടനത്തിൽ നൂറുകണക്കിന് അധ്യാപകരും സംസ്ഥാന ജീവനക്കാരും പങ്കെടുത്തു. പ്രകടനത്തിനു ശേഷം നടന്ന പൊതുയോഗം എൻ. ജി. ഒ. യൂണിയൻ ജനറൽ സെക്രട്ടറി സ. വരദരാജൻ ഉദ്ഘാടനം ചെയ്തു. കെ. എസ്. ടി. എ ജനറൽ സെക്രട്ടറി സ. റഷീദ് കണിച്ചേരി, സെക്രട്ടേറിയറ്റ് എംപ്ളോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി സ. വിശ്വംഭരൻ, എ. കെ. പി .സി . ടി. എ ജനറൽ സെക്രട്ടറി വി. എൻ. മുരളി, എ. കെ. ജി. സി. ടി. ജനറൽ സെക്രട്ടറി വി. എൻ ചന്ദ്രമോഹൻ എന്നിവർ സംസാരിച്ചു.




അതിർത്തിയിൽ ഇപ്പോഴും തുടരുന്ന ഏറ്റുമുട്ടൽ, യഥാസമയം നടപടികൾ സ്വീകരിക്കാതിരുന്ന ഇന്ത്യാഗവൺമെന്റിന്റെ പിടിപ്പുകേടിന്റെ ഏറ്റവുമൊടുവിലത്തെ തെളിവാണ് – പ്രസംഗകർ ചൂണ്ടിക്കാട്ടി. ഏപ്രിൽ–മെയ് മാസങ്ങളിൽ ആരംഭിച്ച – അതിനുമുമ്പു തന്നെ ആരംഭിച്ചിരുന്നു എന്നും റിപ്പോർട്ടുണ്ട് – പാക് നുഴഞ്ഞുകയറ്റത്തെക്കുറിച്ച് രഹസ്യാന്വേഷണ വിഭാഗം വിവരം നൽകിയ ശേഷവും നുഴഞ്ഞുകയറ്റം തടയുന്നതിന് ഫലപ്രദമായ ഒരു നടപടിയും എടുക്കാതെ വാചകക്കസർത്തിലും, 'ബസ് ഡിപ്ളോമസി'യുടെ വിജയാഘോഷത്തിലും വ്യാപൃതരായിരുന്നു മന്ത്രിമാരും ഭരണകക്ഷിക്കാരും. ഒട്ടേറെ ജവാന്മാരുടെ ജീവൻ അപഹരിച്ചു കഴിഞ്ഞ ഈ ഏറ്റുമുട്ടൽ സങ്കുചിതരാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാൻ ഭരണകക്ഷിയും കൂട്ടാളികളും ശ്രമിക്കുകയാണ്. അമേരിക്കൻ സാമ്രാജ്യത്വത്തിന് പ്രശ്നത്തിൽ ഇടപെടാൻ പഴുത് നൽകരുത് – പ്രസംഗകർ മുന്നറിയിപ്പു നൽകി. ഇന്ത്യയുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും നമ്മുടെ സൈനികരുടെ ആത്മവിശ്വാസം ചോർന്നു പോകാതിരിക്കുന്നതിനും എല്ലാ ഭിന്നതകളും മറന്ന് മുഴുവൻ ജനങ്ങളും ഒന്നിച്ചു നിൽക്കണമെന്ന് യോഗം ആഹ്വാനം ചെയ്തു.□

## സൈനീകക്ഷേമനിധിയിലേക്ക് ഒരുദിവസത്തെ ശമ്പളം സംഭാവനചെയ്യുക

**എ. കെ. പി. സി. ടി. എ**

കാർഗിൽ ദ്രാസ് മേഖലകളിൽ തുടർന്നു വരുന്ന പോരാട്ടങ്ങളിൽ നാടിനു വേണ്ടി വീരമൃത്യു വരിച്ച ധീരരക്തസാക്ഷികളുടെ കുടുംബങ്ങളെ സഹായിക്കുന്നതിന് മുഴുവൻ കോളജധ്യാപകരും ഒരു ദിവസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ സൈനീകക്ഷേമനിധിയിലേക്ക് സംഭാവന നൽകുക

Office Copy

AKPCTA
KERALA PRIVATE COLLEGE TEACHER
MONTHLY JOURNAL OF THE AKPCTA
NO. 153 JULY 1999

EDITORIAL BOARD

Chief Editor
R. Mohana Kaimal

Managing Editor
S.Jayaraj Kumar

Members
Joy Job Kulavelil
V.N. Murali
Dr. P.J. Philip
M.P. Lalitha Bai
R. Mohana kumar
K.S. Pavithran
Dr. R. B. Rajalekshmi
T.N. Manoharan
J. Raju
Shahul Hameed. M
Mathew J. Muttath
G.S. Suresh
M.S. Vasantha kumar
M.D. Ratheesh Kumar
Dr. C.R. Prasad
Dr. K.H. Subrahmanian



# ആഹ്ലാദത്തോടെ, അഭിമാനത്തോടെ...

യു.ജി.സി യുടെ അഞ്ചാം ശമ്പളപരിഷ്കാരം കേരളത്തിലെ കോളജ് - സർവ്വകലാശാല അദ്ധ്യാപകർക്ക് 1.1.96 മുതൽ മുൻകാലപ്രാബല്യത്തോടെ ബാധകമാക്കുവാൻ എൽ.ഡി. എഫ്. ഗവൺമെന്റ് എടുത്ത തീരുമാനത്തെ ആഹ്ലാദാഭിമാനങ്ങളോടെ എ.കെ.പി.സി.ടി.എ. സ്വാഗതം ചെയ്യുന്നു. അല്പം വൈകിയാണെങ്കിലും ഈ തീരുമാനം എടുക്കാൻ തയ്യാറായ ഗവൺമെന്റിനെ അനുമോദിക്കുന്നു. കോളജദ്ധ്യാപകരുടെ, പ്രത്യേകിച്ച് സ്വകാര്യ കോളജ് അദ്ധ്യാപകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, അവകാശങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടി എന്നും നിലകൊണ്ടിട്ടുള്ള എ.കെ.പി.സി.ടി.എ. യ്ക്ക് ഇതിൽ മററാർക്കും അവകാശപ്പെടാനാവാത്ത ചാരിതാർത്ഥ്യവും അഭിമാനവും ഉണ്ട്.

ശമ്പള പരിഷ്കാരം സംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് പുറത്തുവരാൻ പോവുന്നു എന്നറിവായതോടെ ഇവിടുത്തെ ചില (കോളജ് അദ്ധ്യാപക?) സംഘടനാനേതാക്കൾ പ്രസ്താവനകളുമായി രംഗത്തെത്തിയിരിക്കുന്നു! മാദ്ധ്യമങ്ങളിലൂടെ തങ്ങളുടെ സാന്നിധ്യം മാളോരെ അറിയിച്ചു പോരുന്ന, അണികളില്ലാത്ത ഈ സംഘടനാനേതാക്കൾ സമരകലണ്ടർ തയ്യാറാക്കിക്കൊണ്ടാണ് ഇപ്പോൾ രംഗപ്രവേശം ചെയ്തിരിക്കുന്നത്! (കലണ്ടർ പ്രകാരമുള്ള സമരത്തിന്റെ ഐക്യവെടി സെപ്റ്റംബറിൽ പൊട്ടിയ്ക്കേണ്ടിവരില്ലെന്ന് ഇവർക്കുറപ്പുണ്ടല്ലോ!). എ.കെ.പി.സി.ടി.എ. യുടെ നേതൃത്വത്തിൽ ത്യാഗോജ്വലങ്ങളായ പോരാട്ടങ്ങളിലൂടെ കേരളത്തിലെ കോളജദ്ധ്യാപകർ കൈവരിച്ച നേട്ടങ്ങൾ - 1.1.'86 മുതൽ പ്രാബല്യത്തിൽ വന്ന യു.ജി.സി. ശമ്പള പദ്ധതിയുൾപ്പെടെ - എല്ലാം തങ്ങൾനേടിക്കൊടുത്തവയാണെന്നുള്ള പുത്തനറിവുകൾ പകർന്നു തരുന്ന ഇവരുടെ പ്രസ്താവനകളുടെയും പ്രഘോഷങ്ങളുടെയും പേമാരിയിൽ ഒലിച്ചുപോകാത്ത യാഥാർത്ഥ്യങ്ങളാണ് എ.കെ.പി.സി.ടി.എ യും എ.കെ.ജി.സി.ടിയും ഐഫക്ടോയുടെ മറ്റു സംസ്ഥാനങ്ങളിലെ അംഗസംഘടനകളും അഞ്ചാം ശമ്പളപരിഷ്കാരം യാഥാർത്ഥ്യമാക്കുവാൻ വേണ്ടി നടത്തിയ പ്രവർത്തനങ്ങളും പ്രക്ഷോഭസമരങ്ങളും.

അഞ്ചാം ശമ്പളപരിഷ്കാരം സംബന്ധിച്ച് ആവശ്യമായ പഠനങ്ങൾ നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പ്രൊഫസർ. റസ്തോഗി അദ്ധ്യക്ഷനായുള്ള കമ്മിറ്റി 1994 ആഗസ്റ്റിൽ നിയമിക്കപ്പെട്ട ശേഷം, കോളജദ്ധ്യാപകസംഘടനകളുടെ അഖിലേന്ത്യാഫെഡറേഷനായ ഐഫക്ടോ നടത്തിയ നിവേദനങ്ങൾ, യു.ജി.സി.യും, എച്ച്. ആർ.ഡി.വകുപ്പ് മേധാവികളും, മന്ത്രിയുമായും നിരവധി പ്രാവശ്യം നടത്തിയ ചർച്ചകൾ, അവകാശദിനാചരണം, സൂചനാപണിമുടക്കുകൾ, ദില്ലിയിൽ നടത്തിയ പ്രതിഷേധമാർച്ചുകൾ, ഏറ്റവിമൊടുവിൽ 4 ലക്ഷത്തിൽ പരം കോളജ് സർവ്വകലാശാല അദ്ധ്യാപകർ നടത്തിയ 1998 ലെ 26 ദിവസം നീണ്ടുനിന്ന ഐതിഹാസിക അഖിലേന്ത്യാസമരം എന്നിവയെക്കുറിച്ച് ആരെയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ. ഇവയെക്കുറിച്ചെല്ലാം അറിവുള്ളവരാണ് കേരളത്തിലെ കോളജദ്ധ്യാപകർ. എ.കെ.പി.ടി.എ. മേൽ സൂചിപ്പിച്ച പ്രക്ഷോഭസമരങ്ങളിൽ വ്യാപൃതമായിരുന്നപ്പോൾ ഈ പ്രസ്താവനക്കാർ എന്തു ചെയ്യുകയായിരുന്നു എന്ന് ഏവരും കണ്ടതാണ്.

പ്രസ്തുത സമരത്തിലൂടെ ഉണ്ടായ നേട്ടങ്ങൾക്ക് നേരെ കണ്ണടച്ചുകൊണ്ട്, സമരം ചെയ്ത അദ്ധ്യാപകരെ പുലഭ്യം പറയാനും സമരത്തോട് അനുഭാവപൂർണ്ണമായ സമീപനം സ്വീകരിച്ച സംസ്ഥാന ഗവൺമെന്റിനെ പരിഹസിക്കാനുമാണിവർ വ്യഗ്രത കാട്ടിയത്.

പുതുക്കിയ ശമ്പളപദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചു കഴിഞ്ഞ സാഹചര്യത്തിൽ, ഇനിയും കാലതാമസം വരുത്താതെ, ശമ്പളപരിഷ്കാരത്തിന്റെ ആനുകൂല്യങ്ങൾ അദ്ധ്യാപകർക്കു ലഭ്യമാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് എ.കെ.പി.സി.ടി.എ, എൽ.ഡി.എഫ്. ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. നാലാം ശമ്പളപരിഷ്കാരത്തിന്റെ പ്രയോജനം ഇപ്പോഴും പൂർണ്ണമായി ലഭിച്ചിട്ടില്ലാത്ത ഒരു വലിയ വിഭാഗം അദ്ധ്യാപകരുണ്ട്. അവരുടെ ഫിക്സേഷൻ/ പ്രമോഷൻ സംബന്ധിച്ച ഉത്തരവ് അടിയന്തിരമായി ഇറക്കണമെന്നും എ.കെ.പി.സി.ടി.എ. ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

### കേരള സർവ്വകലാശാല സെനറ്റ് തെരഞ്ഞെടുപ്പ്.

കേരള സർവ്വകലാശാല സെനറ്റിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്നു. എ.കെ. പി.സി.ടി.എ. യുടെ 15 സ്ഥാനാർത്ഥികളാണ് മത്സരിക്കുന്നത്. (അവരുടെ പേരുകൾ അന്യത്ര ചേർത്തിട്ടുണ്ട്). സംഘടനയുടെ മുഴുവൻ സ്ഥാനാർത്ഥികളേയും വിജയിപ്പിക്കണമെന്ന് ഞങ്ങൾ അഭ്യർ

ത്ഥിക്കുന്നു. എന്തുകൊണ്ട്?

സെനറ്റ് അംഗത്വം എ.കെ.പി.സി.റ്റി. എ. യെ സംബന്ധിച്ചിടത്തോളം വിലോഭനീയമായൊരു സ്ഥാനം അഥവാ പദവി... അദ്ധ്യാപകരോടുള്ള ഉത്തരവാദിത്വങ്ങൾ കൂടുതൽ ഫലപ്രദമായി നിറവേറ്റുന്നതിനു ലഭിക്കുന്ന ഒരവസരമാണത്. അദ്ധ്യാപകരോട് പ്രതിബദ്ധതയുള്ളവരെന്ന നിലയിൽ, സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന എ.കെ.പി.സി.ടി. എ പ്രവർത്തകർ സെനറ്റിനെ കാണുന്നത് സ്വകാര്യകോളജദ്ധ്യാപകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ അന്തസ്സും അഭിമാനവും പരിരക്ഷിക്കുന്നതിനുമുള്ള വേദിയായിട്ടാണ്. അതുകൊണ്ടുതന്നെ അദ്ധ്യാപകരേൽപ്പിച്ചുകൊടുക്കുന്ന ഉത്തരവാദിത്വങ്ങൾ സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി മറക്കുന്നവരും കാലുമാറ്റക്കാരും സെനറ്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടരുതെന്ന് സംഘടനയ്ക്ക് നിർബന്ധമുണ്ട്. അദ്ധ്യാപകരുടെ വോട്ട് നേടി വിജയിച്ച ശേഷം അദ്ധ്യാപക താൽപര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർ – അവർ എ.കെ.പി.സി.ടി.എക്കാരല്ല – ഇപ്പോഴത്തെ സെനറ്റിലുണ്ടല്ലോ!

സെനറ്റിലേക്കും സിൻഡിക്കേറ്റിലേക്കും തെരഞ്ഞെടുക്കപ്പെട്ടവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കോർപ്പറേറ്റ് മാനേജുമെന്റുകളുടെ കീഴിലുള്ള കോളജുകളിലെ അദ്ധ്യാപകരുടെ ദുരിതങ്ങൾക്കു കാരണമായ വിവേചനരഹിതമായ സ്ഥലം മാറ്റങ്ങൾക്ക് അറുതി വരുത്തുന്നതിനു വേണ്ടി എ.കെ.പി.സി. റ്റി. എ. പ്രതിനിധി സെനറ്റിൽ അവതരിപ്പിച്ച് അംഗീകാരം നേടിയ Intra-varsity Trasnfer Norms – സ്ഥലം മാറ്റ നിയമനത്തെ – സിൻഡിക്കേറ്റിൽ പരാജയപ്പെടുത്തിയത് സംഘടനാനേതാവുകൂടിയായ ഒരദ്ധ്യാപകനാണല്ലോ! നാലാം ശമ്പളപരിഷ്കാരത്തിന്റെ ആനുകൂല്യങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ലാത്ത രണ്ടായിരത്തോളം അദ്ധ്യാപകർക്ക് പ്രയോജനപ്പെടുന്നതിനുവേണ്ടി അവതരിപ്പിക്കപ്പെട്ട സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കാനുള്ള അധികാരം സർവകലാശാലയ്ക്കായിരിക്കണമെന്ന നിയമഭേദഗതിയെ പരാജയപ്പെടുത്തുന്നതിന് എ.കെ.പി.സി.ടി.എക്കാരല്ലാത്ത, മറ്റു സംഘടനക്കാരായ അദ്ധ്യാപകപ്രതിനിധികൾ വോട്ടു ചെയ്തു. ഇവർ ആരുടെ താൽപര്യമാണ് സംരക്ഷിച്ചത്.? രണ്ടായിരത്തോളം അദ്ധ്യാപകരുടെയോ അതോ മാനേജർമാരുടെയോ?

അദ്ധ്യാപകരോട് പ്രതിബദ്ധതയില്ലാത്ത , മാനേജർമാരുടെ കോടാലിക്കൈകളായി പ്രവർത്തിക്കുന്നവരെ സെനറ്റിലേക്കയയ്ക്കണോ?

മുകളിൽ പരാമർശിക്കപ്പെട്ടവരുടെ സെനറ്റിലെ പ്രവർത്തനങ്ങൾ നീല വെള്ളത്തിൽ വീണ കുറുക്കന്റെ കഥ ഓർമ്മിപ്പിക്കുന്നു.

ശമ്പളവർദ്ധനയ്ക്കും ഇതര സാമ്പത്തികാനുകൂല്യങ്ങൾക്കും വേണ്ടി മാത്രം നിലകൊള്ളുന്ന സംഘടനയല്ല എ.കെ.പി.സി.ടി.എ ഉന്നത വിദ്യാഭ്യാസമേഖലയെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള സംഘടനയാണത്.കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച സമഗ്രമായ ഒരു നയരേഖ തയ്യാറാക്കിയിട്ടുള്ള ഏക സംഘടന എ.കെ.പി.സി.ടി.എ യാണ്. ആഴത്തിലുള്ള പഠനങ്ങൾക്ക് ശേഷം എ.കെ.പി.സി.ടി.എ. തയ്യാറാക്കിയ പാഠ്യപദ്ധതിയും സിലബസും നമ്മുടെ സർവ്വകലാശാലകൾക്ക് മാർഗ്ഗദർശകങ്ങളായിക്കഴിഞ്ഞിരിക്കുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടപ്പലാക്കിയുട്ടുള്ള സിലബസ് പരിഷ്കാരം പ്രധാനമായും എ.കെ.പി.സി.ടി.എ. തയ്യാറാക്കിയ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിലുള്ളതാണ്.

എ.കെ.പി.സി.ടി.എ. അല്ലാതെ, സ്വകാര്യകോളജദ്ധ്യാപകമേഖലയിൽ ഉണ്ടെന്ന് സെനറ്റ് തെരഞ്ഞെടുപ്പു കാലത്ത് പറയപ്പെടുന്ന, ഏതെങ്കിലും സംഘടന ഇത്തരം അക്കാദമിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടില്ല. ഇത്തരം സംഘടനകളുടെ മേൽവിലാസത്തിൽ മത്സരിക്കുന്നവരെ തിരിച്ചറിയണമെന്നും, അദ്ധ്യാപക താൽപര്യങ്ങൾ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധരായ എ.കെ.പി.സി.ടി.എ സ്ഥാനാർത്ഥികളെ വിജയിപ്പിക്കണമെന്നും ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു. □

---

# പ്രൊഫ.എസ് വിശ്വനാഥൻ സെനറ്റ് സ്ഥാനാർത്ഥി



കേരള സർവകലാശാല സെനറ്റിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ Registered graduates – ന്റെ മണ്ഡലത്തിൽ നിന്ന് പ്രൊഫ. എസ്. വിശ്വനാഥൻ മത്സരിക്കുന്നു. സ്വകാര്യകോളജ് അധ്യാപകരോടും അവരുടെ പ്രശ്നങ്ങളോടും ആഭിമുഖ്യമുള്ള വ്യക്തികളെ സെനറ്റുതെരഞ്ഞെടുപ്പിൽ വിജയിപ്പിക്കുക എന്നത് സംഘടന പിന്തുടർന്നു പോരുന്ന നയമാണ്. കേരളത്തിനകത്തും പുറത്തുമുള്ള കോളജധ്യാപകർക്ക് അദ്ദേഹം സുപരിചിതനാണ്. സംഘടനയുടെ ബ്രാഞ്ചുതലം മുതൽ അഖിലേന്ത്യാതലം വരെ വിവിധ സ്ഥാനങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. സർവീസിൽ നിന്ന് പിരിയുമ്പോൾ AIFUCTO സെക്രട്ടറിയായിരുന്നു. സംഘടന നടത്തിയിട്ടുള്ള എല്ലാ പ്രക്ഷോഭസമരങ്ങളിലും നേതൃനിരയിൽ പ്രവർത്തിച്ചിട്ടുള്ള പ്രൊഫ. വിശ്വനാഥൻ സർവകലാശാല സമിതികളിൽ തന്റെ പ്രാഗത്ഭ്യം പലവട്ടം തെളിയിച്ചിട്ടുണ്ട്. സെനറ്റിൽ സ്വകാര്യകോളജധ്യാപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നീക്കങ്ങൾക്ക് നേതൃത്വം നൽകാൻ അദ്ദേഹം പ്രതിജ്ഞാബദ്ധനാണ്. തികഞ്ഞ ആത്മാർത്ഥതയും അർപ്പണമനോഭാവും കൈമുതലായുള്ള നമ്മുടെ പ്രിയസുഹൃത്തും, സംഘടനയുടെ മുൻ നേതാവുമായ പ്രൊഫ. എസ്. വിശ്വനാഥന്റെ വിജയത്തിനു വേണ്ടി പ്രവർത്തിക്കുവാൻ മുഴുവൻ സംഘടനാ... ങ്ങളോടും അഭ്യർത്ഥിക്കുന്നു.

# എ.കെ.പി.സി.ടി.എ

## പ്രവർത്തക സമിതി തീരുമാനങ്ങൾ

**1999** ജൂൺ 27–ന് പ്രവർത്തകസമിതിയോഗം സംസ്ഥാന കമ്മിറ്റി ഓഫീസിൽ ചേരുകയുണ്ടായി. ഇന്ത്യൻ അതിർത്തി കാത്തുരക്ഷിക്കുന്നതിനായി കാർഗിൽ മേഖലയിൽ പാകിസ്ഥാൻ പട്ടാളത്തോട് ഏറ്റുമുട്ടി വീരമൃത്യു വരിച്ച സേനാംഗങ്ങൾക്ക് യോഗം അഭിവാദ്യമർപ്പിച്ചു. യുദ്ധമുന്നണിയിൽ പോരാട്ടത്തിലേർപ്പെട്ടിരിക്കുന്ന ഇന്ത്യൻ സൈന്യത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന യോഗങ്ങൾ കാമ്പസുകളിൽ നടത്തണമെന്ന് തീരുമാനിച്ചു. ഒരു ദിവസത്തെ ശമ്പളം എല്ലാ അധ്യാപകരും മുഖ്യമന്ത്രിയുടെ സൈനീക ക്ഷേമനിധിയിലേക്ക് നൽകണമെന്നും പ്രവർത്തകസമിതി അഭ്യർത്ഥിച്ചു. യോഗത്തിൽ പ്രസിഡന്റ് പ്രൊഫ. ജോയ് ജോബ് കുളവേലിൽ അധ്യക്ഷത വഹിച്ചു. വാഴൂർ എൻ. എസ്. എസ് കോളേജിലെ ഇംഗ്ലീഷ് അധ്യാപകൻ പ്രൊഫ. ടി. ആർ. ഗോപാലകൃഷ്ണൻനായരുടെ അകാലനിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

യു.ജി.സി ശമ്പള പരിഷ്കാരം 1–1–96 മുതൽ മുൻകാലപ്രാബല്യത്തോടെ കേരളത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ച സർക്കാരിനെ യോഗം അഭിനന്ദിച്ചു. മുഴുവൻ കോളേജധ്യാപകർക്കും ഈ ശമ്പളപരിഷ്കാരത്തിന്റെ ആനുകൂല്യം ഉടൻ തന്നെ ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും സംഘടന ആവശ്യപ്പെട്ടു. യു.ജി.സി ശമ്പള പരിഷ്കാരം നടപ്പിലാക്കിയെടുക്കുന്നതിനായി 26 ദിവസം അഖിലേന്ത്യാ സംഘടനയായ ഐഫക്ടോയുടെ നേതൃത്വത്തിൽ എ. കെ. പി. സി. ടി. എ സമരം ചെയ്തു. അന്നുണ്ടായ ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ അഞ്ചാം ശമ്പളപരിഷ്കാരം നടപ്പിലാക്കിയത്. അന്നൊക്കെ മാളത്തിലൊളിച്ചിരുന്ന ചില കടലാസ് സംഘടനകൾ ഇവിടെ ചില പ്രസ്താവനാസമരങ്ങൾ പ്രഖ്യാപിച്ചിരുന്നല്ലോ. എന്നാൽ മാർച്ച് 25 നും ജൂൺ 14 നും എ. കെ. പി. സി. ടി. എ – എ. കെ. ജി. സി. ടി സംഘടനകൾ നടത്തിയ വമ്പിച്ച പ്രതിഷേധമാർച്ചും ധർണയുമാണ് കേരളസർക്കാരിനെക്കൊണ്ട് ഉത്തരവിറക്കിക്കാൻ പ്രേരകമായത്. പ്രസ്താവനയിൽ മാത്രം സമരം നടത്തിയവർ അത് പിൻവലിക്കുന്നതായും പ്രസ്താവനയിറക്കി മെയ്‌വഴക്കം കാട്ടിയിട്ടുണ്ട്.

പ്രൊമോഷൻ – പ്ലേസ്മെന്റ് കാര്യത്തിൽ തീരുമാനം വൈകുന്നതിൽ പ്രവർത്തകസമിതി പ്രതിഷേധിച്ചു. കഴിഞ്ഞ അഞ്ചു വർഷമായി പ്രമോഷനടിസ്ഥാനത്തിലുള്ള ശമ്പളം തടയപ്പെട്ടിരിക്കുന്ന അധ്യാപകർക്ക് അത് അടിയന്തിരമായി കിട്ടുന്നതിനുള്ള ഉത്തരവിറക്കണമെന്ന് സർക്കാരിനോടാവശ്യപ്പെട്ടു.

മെയ് 31 ന് എസ്. എൻ. മാനേജുമെന്റുമായി ചർച്ച നടന്നു. പിരിച്ചുവിടപ്പെട്ട പ്രൊഫ. സുധീഷിനെ ഉടൻ തന്നെ തിരിച്ചെടുക്കണമെന്ന് സംഘടന ആവശ്യപ്പെട്ടു. എസ്. എൻ കോളേജ് അധ്യാപകരെ ദ്രോഹിക്കുന്ന നടപടികളിൽ നിന്നും മാനേജ്മെന്റ് പിന്തിരിയണമെന്നും ആവശ്യപ്പെട്ടു. ട്രസ്റ്റ് എക്സിക്യൂട്ടീവ് കൂടിയിട്ട് പ്രൊഫ. സുധീഷിനെ തിരിച്ചെടുക്കുന്ന പ്രശ്നം സംഘടനയുമായി സംസാരിക്കാമെന്നാണ് മാനേജർ പറഞ്ഞത്. ഇനിയുള്ള ചർച്ചയിലും തീരുമാനമുണ്ടാകുന്നില്ലെങ്കിൽ മാനേജരുടെ അധ്യാപകദ്രോഹ നടപടികൾക്കെതിരെ സമരം ആരംഭിക്കാൻ പ്രവർത്തക സമിതി തീരുമാനിച്ചു. ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സംസ്ഥാന ഭാരവാഹികളെ ചുമതലപ്പെടുത്തി.

**കാലിക്കട്ട് സിൻഡിക്കേറ്റ്**

കാലിക്കട്ട് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലേക്ക് വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി എ യുടെ ഒന്നാം സ്ഥാനാർത്ഥിയായി പ്രൊഫ. ടി. കെ. തോമസിനെയും (സെന്റ് മേരീസ് കോളജ്, സുൽത്താൻ ബത്തേരി) രണ്ടാം സ്ഥാനാർത്ഥിയായി പ്രൊഫ. കെ. ശശിധരനെയും (എസ്. എൻ. ജി കോളജ്, ചേളന്നൂർ) പ്രവർത്തക സമിതി നിശ്ചയിച്ചു. കേരള യൂണിവേഴ്സിറ്റി സെനറ്റിൽ പ്രിൻസിപ്പൽമാരുടെ മണ്ഡലത്തിൽ മത്സരിക്കുന്ന കായംകുളം എം. എസ്. എം. കോളജ് പ്രിൻസിപ്പൽ പ്രൊഫ. ഇബ്രാഹിംകുട്ടിക്ക് പിന്തുണ നൽകാൻ തീരുമാനിച്ചു.

**അക്കാദമിക് കമ്മിറ്റി**

ജൂൺ 26 ന് അക്കാദമിക് കമ്മിറ്റിയോഗം സംസ്ഥാന കമ്മിറ്റി ഓഫീസിൽ ചേർന്നു. പ്രധാന തീരുമാനങ്ങൾ : എല്ലാ ബ്രാഞ്ചിലും അക്കാദമിക് കമ്മിറ്റികൾ രൂപീകരിച്ച് പേരുവിവരം കൺവീനറെ അറിയിക്കണം. ഓരോ യൂണിവേഴ്സിറ്റി തലത്തിലും അക്കാദമിക് കമ്മിറ്റിയും വേണം. ഇതുവരെ നടത്തി വന്ന സിലബസ് പരിഷ്കരണം തുടരണം. പരീക്ഷാ പരിഷ്കരണത്തിനായി വിദഗ്ദ്ധന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം ചേരണം. പതിനൊന്നാം ധനകാര്യകമ്മീഷന് നൽകാൻ സംഘടന തയ്യാറാക്കിയ മെമ്മോറാണ്ടം കമ്മീഷന് അയച്ചുകൊടുക്കും. ഉന്നതവിദ്യാഭ്യാസ പ്രശ്നങ്ങളെപ്പറ്റി ഒരു 'കൊളോക്യം' സംഘടിപ്പിക്കും.

**എഞ്ചിനീയറിംഗ് കോളജുകളിലെയും ആയുർവേദ കോളജുകളിലെയും ശമ്പള പരിഷ്കരണം**

എഞ്ചിനീയറിംഗ് കോളജ് അധ്യാപകരുടെയും ആയുർവേദ കോളജ് അധ്യാപകരുടെയും ശമ്പള പരിഷ്കാരം വൈകുന്നതിൽ പ്രവർത്തക സമിതി പ്രതിഷേധിച്ചു. പ്രൊമോഷൻ പ്ലേസ്മെന്റ് കാര്യത്തിൽ എഞ്ചിനീയറിംഗ് കോളജ് അധ്യാപകർ ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ട് ഉടൻ തന്നെ പരിഹരിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു.

### പടിയാർ ഹോമിയോ കോളജ് ഡി. പി

പടിയാർ ഹോമിയോ കോളജിൽ ഡയറക്ട് പേമെന്റ് ഏർപ്പെടുത്താൻ സർക്കാർ എടുത്ത തീരുമാനം ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. എത്രയുംവേഗം ഈ കോളജിൽ ഡി.പി. ഏർപ്പെടുത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു.

### F.S.E.T.O

ജൂലൈ ഒന്നിന് F.S.E.T.O യുടെ നേതൃത്വത്തിൽ ഇന്ത്യൻ ഭടന്മാരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് നടക്കുന്ന പ്രകടനം വിജയിപ്പിക്കണം.

പ്രചാരണ ജാഥകൾ

- ❑ വർഗീയ ഫാസിസത്തെ ചെറുത്തു പരാജയപ്പെടുത്തുക.
- ❑ ജനവിരുദ്ധ സാമ്പത്തിക നയത്തിനെതിരെ അണിനിരക്കുക.
- ❑ വിദ്യാഭ്യാസമേഖല കാര്യക്ഷമമാക്കാൻ യോജിക്കുക.
- ❑ ജനകീയാസൂത്രണം വിജയിപ്പിക്കുക.
- ❑ ജീവനക്കാരുടെ പുനർവിന്യാസം ത്വരിതപ്പെടുത്തുക.
- ❑ മുഴുവൻ ജീവനക്കാർക്കും മിനിമം ബോണസ് അനുവദിക്കുക.
- ❑ താല്ക്കാലികസർവ്വീസ് പെൻഷന് കണക്കാക്കുക.
- ❑ പാഠ്യപദ്ധതി പരിഷ്കാരം വിജയിപ്പിക്കുക.
- ❑ ഈ ആവശ്യങ്ങളുന്നയിച്ച് F.S.E.T.O നടത്തുന്ന പ്രചാരണജാഥകൾ വിജയിപ്പിക്കുക.

**കേരള യൂണിവേഴ്സിറ്റി സെനറ്റ് തെരഞ്ഞെടുപ്പ് –** ***താഴെപ്പറയുന്നവരെ സ്ഥാനാർത്ഥികളായി നിശ്ചയിച്ചു. ഇവരുടെ വിജയത്തിനായി എല്ലാ അധ്യാപകരും രംഗത്തിറങ്ങുക.***

കെ. പി. മോഹനൻ, ഹിസ്റ്ററി വിഭാഗം, എസ്. എൻ. കോളജ്, ചേർത്തല., ടി. എൻ. മനോഹരൻ, കെമിസ്ട്രി വിഭാഗം, എസ്. എൻ. കോളജ്, ചെമ്പഴന്തി., പോൾ സേവ്യർ, ഇക്കണോമിക്സ് വിഭാഗം, ഫാത്തിമ കോളജ്, കൊല്ലം. ജോണി. കെ. ജോൺ, മാത്തമാറ്റിക്സ് വിഭാഗം, മാർ ഇവാനിയോസ് കോളജ്, തിരുവനന്തപുരം., കെ. മധുസൂദനൻ, ഫിസിക്സ് വിഭാഗം, എൻ.എസ്.എസ്. കോളജ്, പന്തളം., എ. പ്രതാപചന്ദ്രൻ നായർ, ഫിസിക്സ് വിഭാഗം, എം. ജി. കോളജ്, തിരുവനന്തപുരം., കെ. മോഹനകുമാർ, കെമിസ്ട്രി വിഭാഗം, ഡി.ബി. കോളജ്, ശാസ്താംകോട്ട., ആർ. ഇന്ദുലാൽ, ഇംഗ്ലീഷ് വിഭാഗം, എസ്. ഡി. കോളജ്, ആലപ്പുഴ., ജോൺ സക്കറിയ, കെമിസ്ട്രി വിഭാഗം, സെന്റ് സ്റ്റീഫൻസ് കോളജ്, പത്തനാപുരം., ആർ. മോഹനകുമാർ, കെമിസ്ട്രി വിഭാഗം, എസ്. എൻ. കോളജ്, വർക്കല., എം. എം. തോമസ്, ഫിസിക്സ് വിഭാഗം, ബിഷപ്പ് മൂർ കോളജ്, മാവേലിക്കര., പി. രഘുനാഥ്, കോമേഴ്സ് വിഭാഗം, എം. എസ്. എം. കോളജ്, കായംകുളം., എം.പി. ലളിതാബായ്, മലയാളം വിഭാഗം, എൻ.എസ്.എസ്. വനിതാകോളജ്, തിരുവനന്തപുരം., കെ. വിജയധരൻ, മാത്തമാറ്റിക്സ് വിഭാഗം, എസ്. എൻ. കോളജ്, കൊല്ലം., എസ്. അയൂബ്, സിവിൽ എഞ്ചിനീയറിംഗ് വിഭാഗം, ടി.കെ. എം. എഞ്ചിനീയറിംഗ് കോളജ്, കൊല്ലം.

**വി. എൻ മുരളി**
**ജനറൽ സെക്രട്ടറി**

## പ്രൊഫ. ടി.വി.ബാലന് യാത്ര അയപ്പ്

കോളദ്ധ്യാപകമേഖലയിലെ അനിഷേധ്യനേതാവ്, ഐഫക്ടോ വൈസ്പ്രസിഡന്റ്, എ.കെ.ജി.സി.ടി. പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള പ്രൊഫ. ടി.വി.ബാലന് വർഗ്ഗ–ബഹുജനസംഘടനകളുടെ നേതൃത്വത്തിൽ സമുചിതമായ യാത്ര അയപ്പു നൽകി. എ.കെ.ജി.സി.ടിയെ കരുത്തുറ്റ സംഘടനയാക്കി മാറ്റുന്നതിൽ പ്രൊഫ. ടി.വി.ബി സുപ്രധാനമായ പങ്കുവഹിച്ചിട്ടുണ്ട്. ജൂലൈ–3ന് കണ്ണൂർ മുനിസിപ്പൽ ടൗൺഹാളിൽ നടന്ന യാത്ര അയപ്പു സമ്മേളനത്തോടനുബന്ധിച്ചുനടന്ന വിദ്യാഭ്യാസസമ്മേളനം ഡോ. സുകുമാർ അഴീക്കോട് ഉദ്ഘാടനം ചെയ്തു. കണ്ണൂർ സർവകലാശാല വൈസ്ചാൻസലർ ഡോ. എം. അബ്ദുൾ റഹ്മാൻ മുഖ്യപ്രഭാഷണം നടത്തി. ട്രേഡ് യൂണിയൻ സമ്മേളനത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പ്രൊഫ. എ.പി. അബ്ദുൾഖാദർ അദ്ധ്യക്ഷനായിരുന്നു. സ.കെ. എൻ. രവീന്ദ്രനാഥ് പ്രഭാഷണം നടത്തി. യാത്ര അയപ്പുസമ്മേളനത്തിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രസിഡന്റ് പ്രൊഫ. വി. കാർത്തികേയൻനായർ അദ്ധ്യക്ഷനായിരുന്നു. സ. ഇ.പി. ജയരാജൻ എം. എൽ. എ. സമ്മേളനം ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി എം. ജയലക്ഷ്മി, പ്രൊഫ. കെ. ഇബ്രാഹിംകുട്ടി, എൻ.ജി.ഒ. യൂണിയൻ പ്രസിഡണ്ട് സ. വരദരാജൻ, കെ. എസ്. ടി. എ. ജനറൽസെക്രട്ടറി സ. റഷീദ് കണിച്ചേരി, എ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി പ്രൊഫ. വി. എൻ. മുരളി, കെ.ജി.ഒ.എ ജനറൽസെക്രട്ടറി ശ്രീ. എം.കെ.വാസു തുടങ്ങിയവർ ആശംസകളർപ്പിച്ചു.

## പ്രൊഫ. എം. സലിം
### കോഴിക്കോട് സർവകലാശാല പി വി സി

ഫറൂക്ക് കോളജ് കോമേഴ്സ് വിഭാഗം അധ്യാപകനും, കോഴിക്കോട് സർവകലാശാല സിൻഡിക്കേറ്റംഗവുമായ പ്രൊഫ. എം. സലിം കോഴിക്കോട് സർവകലാശാല പ്രൊ – വൈസ്ചാൻസലറായി നിയമിതനായി. സംഘടനയുടെ സെക്രട്ടറി, പ്രവർത്തകസമിതി അംഗം, ട്രഷറർ എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

പ്രൊഫ. സലീമിന്
എ. കെ. പി. സി. ടി. എ യുടെ
***അനുമോദനങ്ങൾ – ആശംസകൾ***

# സെനററ് സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

## — ജനറൽ സെക്രട്ടറി

കേരള യൂണിവേഴ്സിറ്റി സെനറ്റിലേക്ക് ആഗസ്റ്റ് 17 ന് നടക്കുന്ന തെരഞ്ഞെടുപ്പ് ഏറെ പ്രാധാന്യത്തോടെയാണ് എ.കെ.പി.സി.ടി.എ കാണുന്നത്. സർവ്വകലാശാലയുടെ പരമാധികാരസഭയാണ് സെനറ്റ്; ഏറ്റവും വലിയ ജനാധിപത്യസമിതിയുമാണ്. സെനറ്റിന്റെ അധികാരങ്ങൾ വെട്ടിച്ചുരുക്കാനും അതിനെ ഒരു നോക്കുകുത്തിയാക്കാനും ശ്രമങ്ങൾ നടക്കുന്ന കാലമാണിത്. കേരളത്തിൽത്തന്നെ ചില സർവ്വകലാശാലകളിൽ സെനറ്റിന് വേണ്ടത്ര അധികാരം നല്കിയിട്ടില്ല. എന്നാൽ മാതൃസർവ്വകലാശാലയായ കേരള യൂണിവേഴ്സിറ്റിയിൽ സെനറ്റ് സമൂഹത്തിന്റെ ഒരു 'ക്രോസ് സെക്ഷൻ'ാണ്. എല്ലാ മേഖലകളിലേയും പ്രഗത്ഭർ സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടുവരുന്നു. ഉന്നതവിദ്യാഭ്യാസത്തിന്റെ നയരൂപീകരണത്തിൽ അവരുടെ അഭിപ്രായം മാനിക്കപ്പെടുന്നു. സമൂഹത്തിനാവശ്യമുള്ള വിദ്യാഭ്യാസരീതിയെപ്പറ്റി ചർച്ചചെയ്യാനും തീരുമാനിക്കാനും കഴിയുന്നു. ഇതൊക്കെ ഇന്നു പൂർണ്ണമായി നടക്കുന്നില്ലെങ്കിലും ഈ മഹത്തായ സങ്കല്പം മാനിക്കപ്പെടേണ്ടതാണ്; നിലനിർത്തപ്പെടേണ്ടതാണ്.

ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന സെനറ്റും, സിൻഡിക്കേറ്റും രൂപീകരിക്കാൻ കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങളും, പുരോഗമനസർക്കാരുകളും വഹിച്ച പങ്ക് ചെറുതല്ല. നിരവധി പോരാട്ടങ്ങളും നിയമനിർമ്മാണങ്ങളും ഇതിനായി വേണ്ടിവന്നിട്ടുണ്ട്. അങ്ങിനെയാണ് മറ്റു യൂണിവേഴ്സിറ്റികൾക്കുപോലും മാതൃകയായ ആക്ടും, സ്റ്റാറ്റ്യൂട്സുമൊക്കെ കേരള സർവ്വകലാശാലയിൽ ഉണ്ടായത്.

ഉന്നതവിദ്യാഭ്യാസരംഗത്തെ ഈ ജനാധിപത്യബോധവും, നയവും, നിയമവുമാണ് കേരളത്തിലെ പ്രൈവറ്റ് കോളജ് അദ്ധ്യാപകരെ രക്ഷപ്പെടുത്തിയത്. എന്തായിരുന്നു സ്വകാര്യകോളജദ്ധ്യാപകന്റെ പഴയ അവസ്ഥ? മാനേജർ ഇഷ്ടപ്പെടുന്നതുവരെ ജോലി, അവർ തരുന്നതെന്തോ അത് ശമ്പളം, എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാം, എങ്ങോട്ടുവേണമെങ്കിലും സ്ഥലം മാറ്റാം. ഇന്നോ? നിയമനത്തിനു വ്യവസ്ഥയുണ്ട്. മാനേജർക്കിഷ്ടംപോലെ പിരിച്ചുവിടാനോ സ്ഥലംമാറ്റാനോ ആവില്ല. ചുരുക്കത്തിൽ യൂണിവേഴ്സിറ്റി നിയമങ്ങളിൽ എഴുതിച്ചേർക്കപ്പെട്ട വ്യവസ്ഥകളാൽ സുരക്ഷിതരാണ് ഇന്ന് അദ്ധ്യാപകർ. സ്ഥലംമാറ്റക്കാര്യത്തിൽ ഗവൺമെന്റ് കോളജദ്ധ്യാപകരെക്കാൾ പരിരക്ഷ പ്രൈവറ്റ് കോളജദ്ധ്യാപകർ നേടിയെടുത്തിട്ടുണ്ട്. മാനേജർ ഇഷ്ടപ്പെടുന്നിടത്തേക്ക് സ്ഥലംമാറ്റപ്പെട്ടിരുന്നവരാണ് അദ്ധ്യാപകർ. ഇന്നിപ്പോൾ അദ്ധ്യാപകർ ചോദിക്കുന്നിടത്തേക്ക് സ്ഥലം മാറ്റിക്കുവാൻ മാനേജർമാർ നിർബന്ധിതരായിരിക്കുന്നുവെന്നതാണ് പ്രധാനം.

ഈ മാറ്റങ്ങളൊക്കെ സൃഷ്ടിക്കാനാണ് സെനറ്റ് പോലുള്ള ജനാധിപത്യവേദികളെ എ.കെ.പി.സി.ടി.എ പ്രയോജനപ്പെടുത്തിയിട്ടുള്ളത്. അതിന്റെ ഗുണഫലങ്ങളാണ് കോളജദ്ധ്യാപകർ ഇന്നനുഭവിക്കുന്നത്. മറ്റു സംഘടനകളെല്ലാം സെനറ്റിൽ മാനേജുമെന്റുകളുടെ സ്തുതിപാഠകരോ അവരുടെ നയങ്ങളുടെ നടത്തിപ്പുകാരോ ആയി മാറിയ അനുഭവമാണ് നമുക്കുള്ളത്. ഈ തെരഞ്ഞെടുപ്പിൽ അവരെ തിരിച്ചറിയണം. അദ്ധ്യാപകതാല്പര്യസംരക്ഷണത്തിനും വിദ്യാഭ്യാസപരിഷ്ക്കാരങ്ങൾക്കുമായി പോരാട്ടം തുടരുന്ന എ.കെ.പി.സി.ടി.എ സ്ഥാനാർത്ഥികളെ വിജയിപ്പിക്കണം.

കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിലെ സെനറ്റിലും, സിൻഡിക്കേറ്റിലും, അതുപോലുള്ള മറ്റു സമിതികളിലും മാതൃകാപരമായ പ്രവർത്തനമാണ് എ.കെ.പി.സി.ടി.എ നടത്തിവരുന്നത്. അതുകൊണ്ടുതന്നെ സംഘടനയുടെ പ്രതിനിധികൾ എല്ലാസർവ്വകലാശാലകളിലേയും സെനറ്റിലും സിൻഡിക്കേറ്റിലുമുണ്ട്. അദ്ധ്യാപകരുടെ അപ്രൂവൽപോലുള്ള നിരവധി പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ പ്രാതിനിധ്യം സഹായകമാകുന്നു. ഒപ്പം ഉന്നതവിദ്യാഭ്യാസരംഗത്തെ പരിഷ്ക്കാരങ്ങൾക്കു വേണ്ടി വാദിക്കാനും, ആവുന്നത്ര നടപ്പിലാക്കാനും നമ്മുടെ പ്രതിനിധികൾക്കു കഴിയുന്നു.

ഇപ്പോൾ നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പിൽ എ.കെ.പി.സി.ടി.എ പതിനഞ്ചു സ്ഥാനാർത്ഥികളെയാണ് നിർത്തിയിട്ടുള്ളത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മൊത്തമുള്ള പതിനാറുസീറ്റിൽ പത്തിലും എ.കെ.പി.സി.ടി.എ വിജയിച്ചു. അദ്ധ്യാപകരുടെ വലിയ അംഗീകാരമാണ് അതുവഴി സംഘടനയ്ക്കു ലഭിച്ചത്. ഇത്തവണയും അദ്ധ്യാപകതാല്പര്യത്തിനായി ആത്മാർത്ഥമായി പ്രവർത്തിക്കുന്നവരാണ് എ.കെ.പി.സി.ടി.എ സ്ഥാനാർത്ഥികളായി രംഗത്തുള്ളത്. അവരുടെ വിജയം ഉറപ്പിക്കാൻ എല്ലാ അദ്ധ്യാപകരും ശ്രദ്ധിക്കണം. ആനുപാതിക പ്രാതിനിധ്യസ്വഭാവത്തിലുള്ള തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം പ്രത്യേകം ഓർക്കണം. ഓരോ പ്രിഫറൻസും വിലപ്പെട്ടതാണ്. സംഘടന തരുന്നനിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം പാലിക്കണം. ഇനിയുള്ള ഓരോ ദിവസവും സംഘടനാസ്ഥാനാർത്ഥികളുടെ വിജയത്തിനായി പ്രവർത്തിക്കാൻ മാറ്റിവയ്ക്കുക. എല്ലാ അദ്ധ്യാപകരേയും നേരിൽക്കണ്ട് ഈ തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം വിശദീകരിക്കണം. എ.കെ.പി.സി.ടി.എ സ്ഥാനാർത്ഥികളുടെ വിജയം മൊത്തം പ്രൈവററ് കോളജ് അദ്ധ്യാപകരുടേയും വിജയമാണെന്ന യാഥാർത്ഥ്യം എല്ലാവർക്കും പ്രചോദനമാകട്ടെ.

വി.എൻ.മുരളി

# Academic Committee:
# ACTION PLAN for 1999- 2000

**THOMAS JOSEPH**
Convenor, Academic Committee

AKPCTA's achievements on the Academic front so far may be summed up under the following five heads

1. Formulation of our ***Policy on Education***
2. Compilation of Model Syllabi for traditional / vocational courses
3. Implementation of Restructured Curriculum in Mahatma Gandhi University through the active involvemen of the association in the process.
4. Colloquium on Examination reforms held at CUSAT in November 1998.
5. Public Debates on vital academic/ social issues.

Our academic initiatives have succeeded in giving a sense of direction to Higher Education in Kerala. They have also generated considerable goodwill for the Association in the academic community. We should be able to exploit this favourable atmosphere and march ahead with our academic agenda with greater vigor and determination this year. Such a step is especially relevant in the context of the ***growing demand for academic accountability in connection with the implementation of the revised U. G. C scales.***

In pursuance to the above , the Academic Committee at its meeting held on 26. 06.'99 formulated a plan of action for 1999 - 2000 which was ratified by the Working Committee at its meeting held on 27. 06.' 99. The thrust of the action plan is on the expansion and intensification of the academic activities of the Association.

Following are the salient features of the proposed action plan 1999- 2000

1. **University Wise Reorganization of Core Committees**

Academic activities of the Association would be expanded by setting up Subject Wise Core Committees in each University area. There will be five members in each committee, of which one shall be the convener. Adequate representation will be given to AKPCTA members of University academic bodies as also other members of the Association. The Core Committees will act in conformity with the guidance given by the State Academic Committee and submit their recommendations to it. The Academic Committee will co.- ordinate the activities of different university Wise Core Committees and ensure that they act in consonance with the AKPCTA Policy on Education and decisions taken by the working Committee from time to time. ***The effort will be to ensure maximum decentralisation of our academic activities without compromising the academic agenda of the Association, commonly applicable to all subject in different Universities.*** The re- organized core committees will continue with the programme of Curriculam Reforms initiated in1977.

2. **Activating Unit Wise Academic Committees**

All AKPCTA units have to become centres of intense academic activity. Academic Committees - with three members from three different faculties of whom one shall be the convener - will be set up in units wherever they are not yet existence. Each unit will take up one project/ conduct a seminar on a subject of general academic interest - educational, social ,economic ,political, regional, national , international - before December this year. Efforts will be made to involve as many students and teachers, including non- members, in such progarmmes. Reports of these activities undertakaen by the units will be regularly published in the *Kerala Private College Teacher.*

3. **Workshop on Examination Reforms**

To follow up the activities initiated at the Colloquium on Examination Reforms held at CUSAT last year, a three- day workshop will be held on examination reforms for members of various University wise core committees. The participants will get opportunity to interact with experts in the field. AKPCTA's policy on examination reforms will be formulated in the light of the deliberations held at the workshop and Subject Core Committees could then work out the reforms applicable to each subject in coformity with the general guidelines.

4. **Memorandum to the 11th Finance Commission**

The Academic committee has prepared a detailed memorandum in consultation with the School of

Management Studies, CUSAT and Centre for Socio - economic and Environmental Studies, Kochi highlighting the second generation problems associated with the development of Higher Education in Kerala. ***It is argued that the unique opportunity provided by the shifting of Pre- degree from colleges should be utilized for the expansion/ diversification / modernization of Higher Education in Kerala which is the only guarantee for sustaining the standard of living that has been achieved by the State by exporting qualified manpower to the global market.*** This would require capital investment to the tune of Rs. 245 crores in the next five years. The Association has sent a copy of the memorandum to the 11$^{th}$ Central Finance Commission requesting in to provide ***Special Assistance to the State to tide over developmental crisis in its educational sector.*** The Finance Commission has expressed its willingness to hold deliberations with the Association when it visits Kerala to formulate the plan proposals. It may be noted that AKPCTA is the first teachers' organization in the whole country to respond creatively to the economics of Higher Education by taking up a project of this kind.

**5. Colloquium on Higher Education 2001**

AKPCTA will organize a colloquium on higher education 2001 to initiate a dialogue on the immediate issues confronting the management of Higher Education in Kerala. Eminent educationalists, representatives of governments, the managements, political parties, students' and teachers' organizations will be invited to present their visions and view poinst. It is hoped that the colloquium would initiate the process of developing a culture of consultaion and consensus, among the various agencies associated with Higher Education, which is essential for the further development of the sector.

**6. Activities Associated with Decentralized planning**

The social commitment of the Association could best expressed at this juncture in Kerala's experiments with Decentralized planning by co-operating with the initiatives in the field at the grass route level. Many members of the Association are actively participating in this programme even now in their individual capacities. The State planning commission has requested the Association to expand the scope of such activities through the formal co-ordination of the activities by the Association. The Working Committee has asked the Academic Committee to work out the details of the co.- ordination and expansion required.

**7. Awareness of the Academic Implementation of the UGC scheme**

It is necessary to counter the propaganda unleashed by interested parties against the UGC scheme, being implemented in the State. It is also important to create awareness among the teachers regarding the additional academic responsibilities implied in the implementation of the revised UGC scales. The Academic Committees, both at the State and Unit levels, will try their best to create a proper awareness of the issues involved among the public as well as among the teachers. It is proposed that the same be done by organizing seminars, sending write-ups to newspapers etc. ***The working committee has decided that academic activities of the Association will discussed in every unit district council meeting as part of the agenda from this year onwards.***

**8. Circular to Units**

Letters have already been sent to Unit Secretaries asking for the details of the Unit wise Academic Committees as also the details of the members of the Association who are willing to be associated with various University Wise Subject Core Committees to be constituted soon. It is requested that the same be sent to the Convener, Academic Committee [ Address: K. E. College, Mannanam, 686 561] in the format supplied for the same without further delay. The units are also requested to discuss the plan of action outlined above and send further suggestions/ proposals to the Convener at the earliest so that the detail of the action plan could be chalked out in the ***Worker's Camp*** to be held in July end. □

**എ.കെ.പി.സി.ടി.എ പ്രതിനിധികൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു**

തിരുവനന്തപുരം എം. ജി കോളജ് കൗൺസിലിലേക്ക് എ. കെ.പി. സി. ടി. എ നാമനിർദ്ദേശം ചെയ്ത പ്രൊഫ. കെ. ജഗന്നാഥൻ നായർ, ശ്രീ. ആർ. മോഹനകൃഷ്ണൻ, ശ്രീ. എസ്. ശ്രീകുമാർ എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

വർക്കല എസ്. എൻ. കോളജ് അധ്യാപക രക്ഷാകർതൃസമിതി നിർവാഹകസമിതിയിലേക്ക് എ. കെ. പി. സി. ടി. എ നാമനിർദ്ദേശം ചെയ്ത പ്രൊഫ. കെ. ജെ. സതീഷ്ബാബു, ഡോ. ജയചന്ദ്രൻ, ശ്രീ. ബി. ഭുവനചന്ദ്രൻ, ഡോ. ടി. കെ. സുഷമ എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. പ്രൊഫ. കെ. ജെ. സതീഷ്ബാബുവാണ് സമിതിയുടെ പുതിയ സെക്രട്ടറി.

അനുമോദനങ്ങൾ – ആശംസകൾ.

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിലേക്കുള്ള മാറ്റർ, വരിസംഖ്യ, ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത തുടങ്ങിയ സാഹിത്യ സൃഷ്ടികൾ, സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, തീസിസ് അബ്സ്ട്രാക്ടുകൾ, വിജ്ഞാനപ്രദങ്ങളായ കുറിപ്പുകൾ, മറ്റു വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിറ്റർക്ക് അയയ്ക്കുക.

ബ്രാഞ്ചുകളിലേക്ക് അയയ്ക്കേണ്ട ജേർണലിന്റെ എണ്ണവും കുടിശ്ശിക ഉൾപ്പെടെയുള്ള വരിസംഖ്യയും മാനേജിംഗ് എഡിറ്റർക്ക് അയയ്ക്കുക.

### വാർഷിക വരിസംഖ്യ 30 രൂപ മാത്രം

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ മാനേജിംഗ് എഡിറ്ററിൽ നിന്നോ ലഭിക്കുന്നതാണ്.

ചീഫ് എഡിറ്ററുടെ വിലാസം

**ആർ. മോഹന കൈമൾ**
സാരംഗ, ടി. സി. 22/704, ആറ്റുകാൽ
തിരുവനന്തപുരം 695 009 (ഫോൺ 0471-458726)

മാനേജിംഗ് എഡിറ്ററുടെ വിലാസം

**എസ്. ജയരാജ് കുമാർ**
ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്
കൊച്ചുള്ളൂർ, മെഡിക്കൽ കോളേജ് പി. ഒ
തിരുവനന്തപുരം 695 001 (ഫോൺ 0471-440004)

ഓഫീസ്

**AKPCTA സംസ്ഥാന കമ്മിറ്റി ഓഫീസ്**
മാതൃഭൂമി റോഡ്, വഞ്ചിയൂർ,
തിരുവനന്തപുരം 695 0035, ഫോൺ 0471-463494

## വായിക്കുക, വരിക്കാരാവുക

കേരളത്തിലെ സ്വകാര്യകോളജദ്ധ്യാപകരുടെ സംഘടന - എ.കെ.പി.സി.ടി.എയുടെ മുഖപത്രം കേരളാ പ്രൈവററ് കോളജ് ടീച്ചർ. കോളജദ്ധ്യാപകർക്കിടയിൽ ഏററവും കൂടുതൽ പ്രചാരമുള്ള പ്രസിദ്ധീകരണം. കേരളത്തിലെയും ഇന്ത്യയിലെയും ഉന്നത വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ച സമഗ്രവും സംക്ഷിപ്തവുമായ ഏററവും പുതിയ വിവരങ്ങൾ, വിവിധ സംസ്ഥാനങ്ങളിലെ അദ്ധ്യാപകപ്രസ്ഥാനങ്ങളെ സംബന്ധിച്ച വിവരങ്ങൾ, അദ്ധ്യാപകരുടെ സേവനവേതന സംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന നിയമപംക്തി, വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ, സർക്കാർ ഉത്തരവുകൾ, കൂടാതെ മററു സ്ഥിരം പംക്തികൾ എന്നിവ കൊണ്ടു സമൃദ്ധമായ പ്രസിദ്ധീകരണം. ഓരോ കോളേജധ്യാപകനും സ്വന്തമാക്കി സൂക്ഷിച്ചുവയ്ക്കേണ്ട പ്രസിദ്ധീകരണം.

കേരള പ്രൈവററ് കോളജ് ടീച്ചർ
വാർഷിക വരിസംഖ്യ 30 രൂപ


# എസ്. സുധീഷ്

രചിച്ച ഏറ്റവും പുതിയ പുസ്തകം

സാമൂഹ്യശാസ്ത്രം, ചരിത്രം, രാഷ്ട്രീയം, തത്വശാസ്ത്രം, സൗന്ദര്യശാസ്ത്രം തുടങ്ങിയുള്ള മേഖലകളെ സ്പർശിക്കുന്ന മൗലിക ചിന്താവിമർശനം. പഠനങ്ങൾ.

## വിമോചനത്തിന്റെ വാക്കും മനസ്സും

വില. 100 ക.
പ്രസാധനം: ഗയ ബുക്സ്
ഗയ, പട്ടത്താനം, കൊല്ലം - 21

## എസ്. സുധീഷ് രചിച്ച മറ്റുമൂന്നു പുസ്തകങ്ങൾ

മലയാള കഥാസാഹിത്യത്തിലെ എക്കാലത്തെയും ഏറ്റവും മികച്ച രചനകളിലൊന്ന്

## ഈ ചുമരുകൾ

നോവലെറ്റ് - ട്രിലജി
വില 47 ക.
പ്രസാധനം : എസ്.പി.സി.എസ്
വിതരണം: നാഷണൽ ബുക്സ്റ്റാൾ

സ്വതന്ത്രവും മൗലികവുമായ ഇടതുപക്ഷസൗന്ദര്യശാസ്ത്രത്തിന്റെ ആവിഷ്ക്കാരം. യാഥാസ്ഥിതിക ഭാവുകത്വവിധികൾക്കെതിരെയുള്ള സൈദ്ധാന്തിക കലാപം.

## നഗ്നവും ആവിഷ്കാര സ്വാതന്ത്ര്യവും

വിമർശനം: സൗന്ദര്യശാസ്ത്രം
വില. 80 ക.
പ്രസാധനം: മേപ്പിൾ ബുക്സ്, കൊല്ലം

**കേരളത്തിലെ എല്ലാ പ്രധാന ബുക്സ്റ്റാളുകളിലും കോപ്പികൾ കിട്ടുന്നതാണ്.**

ആധുനിക സൗന്ദര്യഭാവുകത്വത്തിലെ അപമാനവികതയ്ക്കെതിരെയുള്ള സൗന്ദര്യശാസ്ത്രവിമർശനം

## സംസ്കാരം, അധികാരം, മാദ്ധ്യമം

വിമർശനം: സൗന്ദര്യശാസ്ത്രം
വില 45 ക
പ്രസാധനം: സെക്കുലർ ബുക്സ്, ഫറോക്ക്, കോഴിക്കോട്



കാർഗിൽ, ദ്രാസ് മേഖലകളിലെ നുഴഞ്ഞുകയറ്റക്കാരെ പുറത്താക്കാനുള്ള പോരാട്ടത്തിൽ വീരമൃത്യു വരിച്ച ധീരജവാന്മാരുടെ സ്മരണയ്ക്കു മുമ്പിൽ

**എ.കെ.പി.സി.ടി.എ ആദരാഞ്ജലികളർപ്പിക്കുന്നു.**

# കറന്റ് ബുക്സ്, തൃശൂർ

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001

Ph: 0487-335660

**PUBLISHERS & DISTRIBUTORS FOR**

MALAYALAM, ENGLISH, CHILDREN'S LITERATURE, FICTION, DRAMA, CINEMA, JOURNALISM, POETRY, PHILOSOPHY, PSYCHOLOGY, SOCIOLOGY, POLITICS, HISTORY, ECONOMICS, COMMERCE, MATHEMATICS, BOTANY, ZOOLOGY, CHEMISTRY, PHYSICS, MEDICAL, COMPUTER, ENGINEERING, LAW, ELECTRONICS, MECHANICAL, CIVIL, CHEMICAL ENGINEERING, VETERINARY, AGRICULTURE, AQUACULTURE, ETC. ETC

# കോസ്മോബുക്സ്

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001 Ph: 0487-335292

ബ്രാഞ്ചുകൾ

**കോഴിക്കോട്**

Rly. സ്റ്റേഷൻ ലിങ്ക് റോഡ്

Ph: 0495-703487

**എറണാകുളം**

പ്രസ്സ് ക്ലബ്ബ് റോഡ്

Ph: 0484- 353818

# ഭാഷാ സാഹിത്യ പഠനം നേരിടുന്ന വെല്ലുവിളികൾ

എസ്.ശാരദക്കുട്ടി
മലയാള വിഭാഗം ഡി.ബി.കോളജ്, പരുമല

ശാസ്ത്രവും സാങ്കേതിക വിദ്യയും ഏതൊരു വിദ്യാഭ്യാസ സമ്പ്രദായത്തിൻെറയും മൗലികവും സ്ഥിരവുമായ ഘടകങ്ങളായിരിക്കണമെന്ന വിശ്വാസം ഇന്ന് പ്രബലമായിരിക്കുന്നു. ഈയവസ്ഥയിൽ ഭാഷാ സാഹിത്യപഠന ത്തിനെന്തു പ്രസകതി എന്ന് ഭാഷാധ്യാപകർ പോലും രഹസ്യമായി ചിന്തിച്ചു പോകുന്നു. വിദ്യാഭ്യാസത്തിൻെറ പ്രധാന ഉദ്ദേശ്യം ജീവിക്കാനുതകുന്ന ഒരു തൊഴിൽ സമ്പാദനം മാത്രമാണെന്നു വരുന്ന സാഹചര്യത്തിൽ സാമ്പ്രദായികശൈലിയിലുള്ള ഭാഷാപഠനം തീർച്ചയായും ചില വെല്ലുവിളികൾ നേരിടുന്നുണ്ട്. വിദ്യാഭ്യാസത്തോടൊപ്പം തദനുസരണമായ ഒരു തൊഴിലും ലഭിക്കണമെന്ന ആശയം ഇന്ന് പ്രചരിപ്പിക്കപ്പെടുന്നുണ്ട്. വിദ്യാഭ്യാസയോഗ്യത യ്ക്കനുസൃതമായ ഒരു തൊഴിൽ ലഭിക്കാൻ സാധ്യതയുണ്ടെന്നു തോന്നുന്ന കോഴ്സു കളിലേക്ക് യുവാക്കളുടെ ശ്രദ്ധ തിരിയുന്നത് സ്വാഭാവികം മാത്രം. ഭാഷയും സാഹിത്യവും പഠിച്ചതുകൊണ്ട് തങ്ങൾക്കു ണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് അവർ ആശങ്കാകുലരാകു ന്നതിൽ അവരെ കുറ്റപ്പെടുത്താനാവില്ല. ഈ സാഹചര്യം മുന്നിൽ കണ്ടുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല നടത്തിയ സിലബസ് പരിഷ്കരണ ശില്പശാലയിലും ചോദ്യമാതൃകകൾ പരിഷ്കരിക്കുന്ന ശില്പശാലയിലും ഞാൻ പങ്കെടുക്കുകയുണ്ടായി. ഭാഷാ സാഹിത്യ പഠനം എങ്ങനെ നവീകരിക്കാമെന്നും എങ്ങനെ കൂടുതൽ വിദ്യാർത്ഥികളെ ഇതിലേക്കാകർഷിക്കാമെന്നും ഭാഷാ സാഹിത്യ ക്ലാസുകൾ എങ്ങനെ ഊർജ്ജസ്വലമാക്കാ നാവുമെന്നുമൊക്കെ ശില്പശാലയിൽ ചിന്തിക്കുക യുണ്ടായി.

കാലഹരണപ്പെട്ട വിഷയങ്ങളും ആശയങ്ങളും നാം ഒരു പുതുമയും കൂടാതെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയായിരുന്നു ഇതുവരെ. പുതുമ കണ്ടെത്താനും ആവിഷ്കരി ക്കാനുമൊക്കെ ആരെങ്കിലും ശ്രമിച്ചിട്ടുണ്ടെങ്കിൽത്തന്നെ സ്ഥിരവും പൊതുവുമായ വിദ്യാ ഭ്യാസസമ്പ്രദായത്തിൽ അതൊക്കെ വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോവുകയാണുണ്ടായത്. ഭാഷയിലും സാഹിത്യത്തിലും ജീവിതവീക്ഷണത്തിലും വന്ന ചടുലവും സങ്കീർണ്ണവുമായ മാറ്റങ്ങൾക്കൊപ്പം നീങ്ങാനോ, പൊതുധാരയിൽ നിന്നു മാറി ചലിക്കാനോ നമ്മുടേ വിദ്യാർത്ഥികൾക്കോ അദ്ധ്യാപകർക്കോ കഴിഞ്ഞില്ല. ഭാഷയെയും സാഹിത്യത്തെയും ഈ പഠനരീതി കുറച്ചൊന്നുമല്ല തളർത്തിക്കളഞ്ഞത്. അങ്ങനെയിരിക്കെ നമുക്കു കിട്ടിയ ഒരു സുവർണ്ണാവസരമായിരുന്നു സിലബസ് പരിഷ്കരണം. എം.ജി.സർവകലാ ശാലയുടെ കീഴിലുള്ള മിക്കവാറും എല്ലാ കോളജു കളിലെയും അദ്ധ്യാപക പ്രതിനിധികളും ഏതാനും വിദ്യാർത്ഥി പ്രതിനിധികളും കൂടി ഒരാഴ്ച നീണ്ട ചർച്ചകൾക്കു ശേഷം തയ്യാറാക്കിയ പരിഷ്ക്കരിച്ച സിലബസ്, പുതിയ രൂപഭാവങ്ങൾക്കും വേണ്ടി യുള്ള നമ്മുടെ ദാഹത്തെയും അന്വേഷണത്വരയെയും തൃപ്തിപ്പെടുത്തിയോ?

നിലവിലുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായത്തെ ആന്തരികമായും ബാഹ്യമായും പരിഷ്ക്കരിക്കുമ്പോൾ തീർച്ചയായും പ്രഗത്ഭരായ വിദ്യാഭ്യാസ ചിന്തകരുടെ സേവനം കൂടി പ്രയോജനപ്പെടുത്താൻ നമുക്കു കഴിയണം. മറ്റു ലോകരാഷ്ട്രങ്ങളിലെ ഭാഷാ പഠന സമ്പ്രദായമെന്തെന്നും സാഹിത്യപഠന രീതികളെ ന്തെന്നും അന്വേഷിക്കുവാനും കാലോചിതമായ മാറ്റങ്ങൾ നമ്മുടെ ഭാഷാ പഠന രീതികളിൽ കൊണ്ടു വരുവാനും കഴിയുമ്പോൾ മാത്രമാണ് പരിഷ്ക്കരണ ശ്രമങ്ങൾ പൂർണ്ണ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നത്. ഏതൊരു സമൂഹത്തിലായാലും വിദ്യാഭ്യാസ പദ്ധതികൾ പുനരാവിഷ്കരിക്കുന്നതിനുള്ള ഏതു ശ്രമവും പൊതുവായ ആശയങ്ങളിലും പരിഗണനകളിലും തയ്യാറെടുക്കലുകളിലും നിന്ന് പ്രചോദനം ഉൾക്കൊണ്ടേ തീരു. അന്തർദേശീയതലങ്ങളിൽനിന്നുള്ള ആശയങ്ങൾ സ്വീകരിച്ചും എല്ലാ രാഷ്ട്രങ്ങളിലെയും വിദ്യാഭ്യാ സാനുഭവങ്ങളുടെ നേട്ടങ്ങളിൽ നിന്ന് മികച്ചവ തെരഞ്ഞെടുത്തു തങ്ങളുടെ പ്രാദേശിക വിഭവങ്ങൾക്ക് അനുസൃതമായി അവയുടെ പ്രയോജനം ഉൾക്കൊണ്ടും ആവണം തന്ത്രങ്ങൾ രൂപീകരിക്കേണ്ടത്. വിദ്യാഭ്യാസ രംഗ ത്തെ ഉപഭോക്താക്കളും പങ്കാളികളും പ്രോത്സാഹകരും വിചക്ഷണരും ഉൾപ്പെട്ട, വിദ്യാഭ്യാസത്തിൻെറ ഭാവിയിൽ താത്പര്യമുള്ള എല്ലാവരും ഒരുമിക്കയും ഈ സംരംഭത്തോടൊത്തു നീങ്ങുകയും ചെയ്തുകൊണ്ടു മാത്രമേ ഇത്തരമൊരു പരിഷ്ക്കരണം സാധ്യമാകു.

### അദ്ധ്യാപകരുടെ പങ്ക്

പരിഷ്ക്കരിക്കുമ്പോഴല്ല, അതു പ്രയോഗത്തിൽ കൊണ്ടു വരുമ്പോഴാണ് അധ്യാപകർക്ക് കൂടുതൽ

ക്രിയാത്മകമായ പങ്കു വഹിക്കാനാവുക. പരിഷ്ക്കരണത്തിൻെറ പ്രയോഗത്തിൽ ജയാപജയങ്ങളുണ്ടാകുന്നത് അധ്യാപകരുടെ സമീപനത്തെയും മനോഭാവത്തെയും ആശ്രയിച്ചാണ്. ഭാഷയുടെയും സാഹിത്യത്തിൻെറയും മാറുന്ന ധർമ്മങ്ങളെയും സ്വഭാവങ്ങളെയും തുറന്ന മനസ്സോടെ അംഗീകരിക്കുവാനും വീണ്ടും വീണ്ടും വായിക്കുവാനും അദ്ധ്യാപകർ തയ്യാറാവണം. അമിതമായ ഭാഷാപ്രേമം മൂലം മറ്റു ഭാഷകളെ അംഗീകരിക്കാൻ കൂട്ടാക്കാത്ത ഒരാവേശത്തള്ളൽ ഇന്നും നമ്മുടെ ഭാഷാധ്യാപകരിൽ കാണാറുണ്ട്. നരിയെ കാണുന്നെങ്കിൽ അതിൻെറ മടയിൽ ചെന്നു കാണണമെന്നൊരു ചൊല്ലുണ്ട്. അന്യഭാഷാ കൃതികൾ ആ ഭാഷയിൽത്തന്നെ അറിയാൻ ശ്രമിക്കുകയും വിദ്യാർത്ഥികളെ അത്തരം ശ്രമങ്ങളിലേക്കു നയിക്കുകയും ചെയ്യാൻ അധ്യാപകനു കഴിയുന്ന തരത്തിൽ ഭാഷാധ്യാപനം വികസിച്ചേ മതിയാകൂ. ജീവിതകാലം മുഴുവൻ പഠിച്ചുകൊണ്ടിരിക്കുവാനുള്ള ഒരവസരം അധ്യാപകന് ഇതിലൂടെ ലഭിക്കുന്നു. തൊഴിലിൻെറ നിലനില്പിന് മാത്രം അടിസ്ഥാനമായി വർത്തിക്കുന്ന മാനസിക സവിശേഷതകളും യോഗ്യതകളും മാറ്റുകയാണ് അധ്യാപകരുടെ പ്രധാന ധർമ്മങ്ങളിലൊന്ന്. അധ്യാപകവൃത്തിയുടെ അടിസ്ഥാന മാനദണ്ഡങ്ങളും നിലവാരവും മാറ്റുന്നതിനും അതേക്കുറിച്ചു പുനർവിചിന്തനം ചെയ്യുന്നതിനും ആദ്യം തയ്യാറാവേണ്ടത് അദ്ധ്യാപകർ തന്നെ.

നമ്മുടെ ഭാഷയെ ഒരുപകരണമാക്കിക്കൊണ്ട് നമുക്കു മറ്റുള്ള ഭാഷയ്ക്കൊപ്പം നിൽക്കാൻ കഴിയണം. അതിനു സഹായിക്കുന്ന വിധത്തിൽ ഭാഷയെ ഉപയോഗിക്കാൻ നമുക്കു കഴിയണം. ഓരോ നിമിഷവും മാറിക്കൊണ്ടിരിക്കുന്ന ഭാഷയെയും സാഹിത്യത്തെയും ഓരോ നിമിഷത്തിലും പുതുതായി സമീപിക്കണം. ഒരു ഭാഷാധ്യാപകൻ സൃഷ്ടിക്കേണ്ടത് മറ്റൊരു ഭാഷാധ്യാപകനെയല്ല, ഒരു പുതിയ ഭാഷയെയാണ്. മലയാളം സംസാരിക്കുന്നവനുണ്ടാക്കുന്നതാണ് മലയാള വ്യാകരണമെന്ന ബോധം വിദ്യാർത്ഥിയിൽ ഉണ്ടാക്കാൻ കഴിയുമ്പോൾ മാത്രമേ ഭാഷാ പഠനം അർത്ഥവത്താകുന്നുള്ളൂ. വ്യാകരണമാണ് ഭാഷ എന്നു തെറ്റിധരിപ്പിക്കുന്ന പഠനരീതി മാറേണ്ടതാണ്. "ഭാഷയെയും വ്യാകരണത്തെയും കവച്ചു കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ലോകത്തെ കണ്ട് അന്തം വിട്ടിരിക്കുന്ന സമൂഹത്തെ പഠിപ്പിക്കുന്ന അധ്യാപകൻ, താൻ പഠിപ്പിച്ചുകൊണ്ടിരിക്കെത്തന്നെ ബാഹ്യലോകം മാറിപ്പോകുന്നത് അറിയേണ്ടതുണ്ട്." ഏതായാലും ഒരു പരിവർത്തന ദിശയിൽ കൂടി നമുക്കു കടന്നു പോകാതെ തരമില്ല. പഠിച്ച ഭാഷകൊണ്ട് ജീവിതത്തിലെന്ത് എന്നു ചോദിച്ചു നിൽക്കുന്ന ഒരു തലമുറയെ സൃഷ്ടിക്കലല്ല നമ്മുടെ ജോലി. പഠിച്ച മലയാളം മുഴുവൻ മറന്നാലേ ഒരു നല്ല മലയാള പത്ര പ്രവർത്തകനാ കാൻ പറ്റൂ എന്ന് ഈയിടെ ഒരു പത്രപ്രവർത്തകനായ സുഹൃത്ത് പറഞ്ഞത് ഓർമ്മിക്കുന്നു. പുരോഗമനോന്മുഖങ്ങളായ അധ്യാപനരീതികൾ പ്രായോഗിത തലത്തിൽത്തന്നെ പരീക്ഷിക്കപ്പെടണം. ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ സഹായം സ്വീകരിച്ചുകൊണ്ട് ഭാഷാ സാഹിത്യപഠനം കൂടുതൽ ആകർഷകവും പ്രയോജന പ്രദവുമാക്കാം. ഇവ രണ്ടും അറിവിനോടും അതിൻെറ അനുന്മേഷമുള്ള പ്രസരണത്തോടും ഉപയോഗത്തോടും വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നു.

ഔപചാരികമായി അധ്യാപകൻെറ കടമ എന്തായാലും അയാൾ വിദ്യാർത്ഥിയുടെ സഹപാഠികൂടിയായിരിക്കണം. ക്രിയാത്മകരചനയ്ക്ക് അവനെ പരിശീലിപ്പിക്കുകയെന്നത് പാഠപുസ്തകം പഠിപ്പിക്കുന്നതുപോലെതന്നെ പ്രധാനമായി കാണണം. കുട്ടിയുടെ സർഗ്ഗവാസന കണ്ടറിഞ്ഞ് താത്പര്യമുള്ള മേഖലയിൽ വേണ്ട പ്രായോഗിക വിജ്ഞാനം കൂടുതലായി നൽകണം.

ചോദ്യസമ്പ്രദായവും പരീക്ഷാ സമ്പ്രദായവും മാമൂൽ രീതിയിൽ നിന്നു മാറണം. പ്രായോഗിക ജീവിതത്തിനുപകരിക്കുന്ന വിവരങ്ങൾ അന്വേഷിച്ചുകണ്ടെത്തി ഉത്തരമെഴുതാൻ പ്രാപ്തനാക്കുന്ന വിധത്തിലാവണം പരീക്ഷയ്ക്കു ചോദ്യങ്ങൾ തയ്യാറാക്കേണ്ടത്. ഈ അന്വേഷണത്തിൽ അധ്യാപകൻ വിദ്യാർത്ഥിയുടെ സഹയാത്രികനായിരിക്കണം.

ശാസ്ത്ര വിഷയങ്ങൾ പോലെ തന്നെ ഗൗരവമുള്ളതാണ് ഭാഷാ വിഷയങ്ങളും എന്ന് വിദ്യാർത്ഥിയെ മനസ്സിലാക്കി കൊടുക്കുകയും അധ്യാപകൻ സ്വയം മനസ്സിലാക്കുകയും വേണം. മലയാളം നിസ്സാരമാണെന്ന് നാം നമ്മെത്തന്നെ പറഞ്ഞു വിശ്വസിപ്പിക്കുന്നതുകൊണ്ടാണ് ഭാഷയുടെ അപാരസാധ്യതകൾ വിദ്യാർത്ഥിക്കു മനസ്സിലാക്കികൊടുക്കാൻ നമുക്കു കഴിയാതെ പോകുന്നത്. വായിക്കുവാനും ചിന്തിക്കുവാനും പ്രേരിപ്പിക്കുവാനും ആശയ സംഘട്ടനങ്ങളിലൂടെ അറിവിൻെറ ജ്വാല പടർത്തുവാനും ഏറ്റവും കൂടുതൽ കഴിയുക ഭാഷാധ്യാപകന് തന്നെയാണ്.

ജീവിതത്തിന് പ്രയോജനപ്പെടുന്ന സാമഗ്രികളാണ് ഭാഷാ സാഹിത്യങ്ങളിലും കലകളിലുമുള്ളതെന്ന് നാം നമ്മെത്തന്നെ ബോധ്യപ്പെടുത്തുക. വികാരം, ബുദ്ധി എന്നീ മനുഷ്യൻെറ രണ്ടു ഫാക്കൽറ്റികളെയും സമാശ്ലേഷിക്കുന്ന ഭാഷയും സാഹിത്യവും സുന്ദരമായ ലോകത്തിൽ സുന്ദരമായ മനുഷ്യത്വത്തെ കെട്ടിപ്പടുക്കുവാൻ സഹായിക്കുന്നു. അതുകൊണ്ടാണ് സ.സ്റ്റാലിൻ സാഹിത്യകാരന്മാരെ മനുഷ്യാത്മാവിൻെറ എഞ്ചിനീയർമാർ എന്നു വിളിച്ചത്. ❑

## പ്രവർത്തക ക്യാമ്പ്
## ആലുവയിൽ
## ജൂലൈ 31, ആഗസ്റ്റ് 1

എ.കെ.പി.സി.ടി.എ പ്രവർത്തകക്യാമ്പ് വരുന്ന ജൂലൈ 31, ആഗസ്റ്റ് 1 തീയതികളിൽ ആലുവ വൈ. എം. സി. എ ഹാളിൽ നടക്കുന്നതാണ്. ഓരോ ബ്രാഞ്ചിൽ നിന്നും സെക്രട്ടറിയുൾപ്പടെ രണ്ടുപേർ ക്യാമ്പിൽ പങ്കെടുക്കണം.



# സെക്രട്ടേറിയറ്റ് പടിക്കൽ ധർണ്ണ

മെഡിക്കൽ കോളേജ് അധ്യാപകർക്കൊപ്പം തത്തുല്യമായി ആയുർവേദ കോളജധ്യാപകർക്കും എ. ഐ. സി. ടി. ഇ ശമ്പള പരിഷ്കരണം നടപ്പിലാക്കണമെന്നും, സ്വകാര്യ ആയുർവേദ കോളജധ്യാപകർക്ക് ബിരുദാനന്തരബിരുദപഠനം അസാധ്യമാക്കുന്ന ടീച്ചർ ട്രെയിനിംഗ് സ്കീം ഉപേക്ഷിച്ച് ഡെപ്യൂട്ടേഷൻ അലവൻസ്പദ്ധതി നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ആയുർവേദകോളജ് അധ്യാപക സമരസമിതിയുടെ നേതൃത്വത്തിൽ 29-6-99 ന് സെക്രട്ടറിയേറ്റ് നടയിൽ വമ്പിച്ച കൂട്ടധർണ്ണ നടന്നു.

ധർണ്ണ സ. ടി. കെ. ബാലൻ, എം. എൽ. എ ഉദ്ഘാടനം ചെയ്തു. എ.കെ. പി. സി. ടി. എ ജനറൽ സെക്രട്ടറി വി. എൻ. മുരളി, എ. കെ. ജി. സി. ടി. ജനറൽ സെക്രട്ടറി വി. എൻ. ചന്ദ്രമോഹൻ, എൻ. ജി. ഒ യൂണിയൻ പ്രസിഡന്റ് സ. കെ. വരദരാജൻ, സെക്രട്ടേറിയറ്റ് എംപ്ളോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി പി. വിശ്വംഭരൻ, സമരസമിതി കൺവീനർ ഡോ. ജ്യോതിലാൽ എന്നിവർ സംസാരിച്ചു. മറ്റു പ്രൊഫഷണൽ കോളജ് അധ്യാപകർക്ക് വർഷങ്ങൾക്കു മുമ്പ് നടപ്പിലാക്കിയ എ. ഐ. സി.ടി. ഇ ശമ്പളസ്കെയിലുകൾ നേടിയെടുക്കുന്നതിനുവേണ്ടി ആയുർവേദ കോളജധ്യാപകർ രണ്ടുവർഷം മുമ്പു നടത്തിയ സുദീർഘവും ത്യാഗോജ്ജ്വലവുമായ സമരത്തെ അനുസ്മരിച്ചുകൊണ്ട് പ്രൊഫ. വി. എൻ. മുരളി ധർണയ്ക്ക് അഭിവാദ്യമർപ്പിച്ചു. ബിരുദാനന്തരപഠനം സംബന്ധിച്ച് യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനം സ്വീകരിക്കുവാൻ അധികാരികൾ തയ്യാറാകണമെന്നും, ആയുർവേദ കോളജ് അധ്യാപകർക്ക് മറ്റു പ്രൊഫഷണൽ കോളജ് അധ്യാപകർക്കു നൽകുന്ന അതേ തോതിൽ പരിഷ്കരിച്ച ശമ്പള സ്കെയിലുകൾ നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണമെന്നും അദ്ദേഹം പറഞ്ഞു. സമരത്തിന് എ. കെ. പി. സി. ടി. എ യുടെ പൂർണ്ണപിന്തുണയും പങ്കാളിത്തവും അദ്ദേഹം വാഗ്ദാനം ചെയ്തു. ❑

# ഡോക്ടറേറ്റ് ലഭിച്ചു





കേരള യുണിവേഴ്സിറ്റിയിൽ നിന്നും ഇക്കണോമിക്സിൽ *'Employment of women in the Unorganised Manufacturing sector'* എന്ന വിഷയത്തെ അധികരിച്ചു നടത്തിയ ഗവേഷണത്തിന് Ph.D. ലഭിച്ച **ശ്രീമതി ഷീല വർഗ്ഗീസ്** (HOD,Economics, MA College, Kothamangalam). ഡോ. ഉമാദേവിയുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം. കോതമംഗലം എം.എ കോളജിലെ തന്നെ മലയാള വിഭാഗം തലവൻ ശ്രീ ജോസഫ്തോമസിന്റെ പത്നിയാണ് ശ്രീമതി ഷീലാവർഗ്ഗീസ്.

കാലടി ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിന്നും ഹിന്ദിയിൽ ആദ്യമായി Ph.D. നേടിയ **ശ്രീമതി എം. പി. മോളി** ( എം. എ കോളജ് കോതമംഗലം) . വിപ്ലവകവിയും പുരോഗമനസാഹിത്യകാരനുമായ *നാഗാർജ്ജുനന്റെ നോവലുകളെ* അധികരിച്ച് ഡോ. പി. പി വിജയന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം. ഹിന്ദി വിഭാഗത്തിൽ Sel. Grade Lecturer -ം, കോതമംഗലം പോലീസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ മാത്യുപോളിന്റെ പത്നിയുമാണ് ശ്രീമതി എം.പി.മോളി.

*എ.കെ.പി.സി.ടി.എ യുടെ അനുമോദനങ്ങൾ*

# മന്നാനിയാ കോളജിൽ എ.കെ.പി.സി.ടി.എ ബ്രാഞ്ച്

**പാ**ലോട് മന്നാനിയാ കോളജിൽ എ. കെ. പി. സി. ടി. എ ബ്രാഞ്ച് കേരള സർവകലാശാല സിൻഡിക്കേറ്റംഗം പ്രൊഫ. ടി. എൻ. രാമൻപിള്ള ഉദ്ഘാടനം ചെയ്തു. എ. കെ. പി. സി. ടി. എ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ, ട്രഷറർ ആർ. മോഹനകുമാർ, ജില്ലാ പ്രസിഡന്റ് പ്രൊഫ. എം. ഷാഹുൽഹമീദ്, സെക്രട്ടറി പ്രൊഫ. കെ. എൽ. വിവേകാനന്ദൻ എന്നിവർ ആശംസകളർപ്പിച്ചു. പ്രൊഫ. എ. ബൈജുവിന്റെ അധ്യക്ഷതയിൽ നടന്ന യോഗം ബ്രാഞ്ചു ഭാരവാഹികളായി പ്രൊഫ. പി അശോക്കുമാർ (പ്രസിഡന്റ്) ഡോ. ഇസഡ്. എ. അസീഫ് (സെക്രട്ടറി), പ്രൊഫ. എ. ബൈജു (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. സ്വകാര്യ കോളേജധ്യാപകരുടെ അന്തസ്സുയർത്തുവാനും അഭിമാനം സംരക്ഷിക്കുവാനും, അവകാശങ്ങൾക്കുവേണ്ടി പോരാടുവാനും എ.കെ.പി.സി.ടി.എ മാത്രമേയുള്ളുവെന്ന തിരിച്ചറിവ് കുടുതൽ കുടുതൽ അധ്യാപകർക്കുണ്ടാകുന്നു എന്നതിന്റെ തെളിവാണ് പുതിയ ബ്രാഞ്ച് എന്ന് സെക്രട്ടറി പറഞ്ഞു.

9

SREEMANDIRAM

# SUSPENSION

Chapter vii of K. S. R Part I deals with the rate of subsisistance allowance and other allowances payable to an officer under suspension, the recoveries that can be made from the subsisistance allowance and the like. But, the circumstances under which an officer can be kept under suspension, the procedure to be followed in conducting the enquiry and such other details are available in the Kerala Civil Services(classfication Control and Appeal( C.C.A) ) Rules 1960, Part IV, Rule 10 and in Para 15 of the booklet 'Mannual for Disciplinary Proceedings'. An Officer may be placed under suspension pending enquiry by a competent Authority. When an order of suspension is issued by an authority subordinate to the competent authority, the action should be got ratified immediately by the competent authority. When, in the preliminary enquiry, the enquiry officer finds that the allegation against the employee is of grave nature and there is a primafacie case, the employee may be kept under suspension pending detailed enquiry as per rules on the subject. Likewise, when the competent authority feels that keeping an employee out of duty will help the enquiry against him to be smooth and impartial, in public interest the employee can be kept under suspension pending enquiry against the charges levelled against him . Suspension of the employee concerned is justifiable under the following circumstances also(1) When a criminal case against an employee is under investigation or trial (2) when the driver of a departmental vehicle is involved in a fatal accident (3) when an employee is detained in custody on a criminal charge or otherwise for more than 48 hours (4) when an employee is undergoing a sentence of imprisonment (5) when proceedings have been initiated against an employee on Criminal charge or wnen a Criminal charge against an employee is connected with his official position or involving any moral turpitude on his part.

**Payment during the period of suspension**

An officer under suspension is entitled to subsistence allowance at the rate of 50% of his pay (Rule 55, Part I K. S. R. and G.O (P) 330/97/ Fin. dated 6. 3. 97. This rate has effect from 6. 3.97 only. Before 6. 3. 97, the rate of subsistence allowance was 50% for the first year and $^3/_4$ of that amount for the period thereafter. )

**Allowances payable:-**

Compensatory allowances such as Dearness Allowance, House Rent Allowance, City Compensatory Allowance, Hill Tract Allowance, Uniform allowance etc. which he was in receipt of just before suspension, will be paid at the discretion of the authority who suspended the employee, not exceeding the rate for half pay leave salary equal to the subsistence allowance. The rate of subsistence allowance and other items of payments for the suspension period should be mentioned in the suspension order. The higher rate of Dearness Allowance admissible to employees whose monthly pay does not exceed Rs. 6500/- for the period of half pay leave is not admissible to those under suspension ( circular no. 33/ 97/ Fin. dated 16. 4. 97).As a rule, those employees where monthly pay dos not exceed Rs. 2000/- , will be paid half the pay plus Dearness Allowance admissible for full pay when they are on half Pay leave ( exception to rule 93, Part I K. S. R.). This concession is not admissible to those under suspension . The rate of Dearness Allowance admissible to the pay equal to the subsistence allowance alone will be granted to those under suspension. (An employee whose monthly pay is Rs. 5000/ - will be eligible for Rs. 2500/- being half pay leave salary plus Dearness Allowance Rs. 1100/- (22 %) per mensum when he is on half pay leave in 7/99. But, if he is under suspension he will be given monthly subsistence allowance of Rs.2500 plus D.A at 22% for Rs. 2500/- viz Rs.550/-only though he is receiving subsitstence allowance equal to half pay leave salary).

**Interim Relief- Half the rate (as for H. P. L. ) Recoveries:-**

(A) (i) Income Tax(ii) Rent of quarters including allied charges for electricity, water and furniture (iii) Repayment of loans and advances taken from Govt. (Rate to be fixed by the Head of the Department) (iv) Co.-operate Recovery(v) Monthly Subscription to Family Benefit Scheme and(vi) recovery of over payments( not exceeding $^1/_3$ of the subsistence allowance ) (Rule 55, Note 2 (A): These items should be deducted from the

subsistence allowance (B) If the employee under suspension agrees in writing (i) Premium due on Postal Life Insurance Policy and State Life Insurance (Official Branch)

Policies and (ii) Refund of advances taken from Provident Fund can be recoverd from subsistence Allowance (Rule55, Note 2(b).(C) Recovery of the following items need not be made from the Subsistence allowance (Rule 55, Note 2(c))

(i)Provident fund - monthly subscription (2) Court Attachment (3) Recovery of loss to Govt. for which the officer is responsible .

**Non- employment Certificate:-**

1)Non Gazatted officers - should give a certificate that he is not engaged in any other employment, business, profession or vocation. The certificate so issued by the employee under suspension countersigned by a Gazatted officer in token of acceptance must be attached to the bill in which the subsistence allowance is drawn.

**Self Drawing Officers:-**

The Accountant General will authorise payment of subsistence allowance on the strength of sanction order issued by the Competent Authority who suspended the officer .A certificate of the officer under suspension ( as in the case of N. G. Os ) duly counter signed by another gazatted officer must be attached with the bill claiming subsistence allowance.

